# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2464 14.06.2019-ൽ മറുപടിയ്ക്ക്

## സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണം

**ചോദ്യം**

**ശ്രീ.കെ.വി.അബ്ദുൾ ഖാദർ**
**,, കെ. ബാബു**
**,, വി. ജോയി**
**,, സി.കൃഷ്ണൻ**

**മറുപടി**

**ശ്രീ. കടകംപള്ളി സുരേന്ദ്രൻ**
(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി)

(എ) ജനകീയ പ്രസ്ഥാനമായി മാറിയ സഹകരണ സംഘങ്ങളെ ആധുനികവൽക്കരിച്ചും കാര്യക്ഷമത വർദ്ധിപ്പിച്ചും സാധാരണക്കാരന്റെ ബാങ്ക് എന്ന സ്ഥിതിയിലേക്ക് ഉയർത്താൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ;

(എ) വിശദമാക്കാം. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് പദ്ധതി, നെറ്റ് ബാങ്കിംഗ്, എ.ടി.എം, ആർ. റ്റി. ജി. എസ്, എൻ. ഇ. എഫ്. റ്റി തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ് വെയർ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ പുരോഗമിച്ച് വരികയാണ്.

കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ ഇവയ്ക്കുള്ള ധനസഹായം എന്ന സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി "കോർ ബാങ്കിംഗ്" ധനസഹായമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് സബ്സിഡി, ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിലായി 10 ലക്ഷം രൂപ വരെയും പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ഒഴികെയുള്ള മറ്റ് സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി മറ്റ് സഹകരണ സംഘങ്ങൾക്ക് സബ്സിഡി, ഓഹരി, വായ്പ എന്നീ ശീർഷകങ്ങളിലായി 3 ലക്ഷം രൂപ

വരെയും ധനസഹായം സംഘങ്ങളുടെ ആധുനികവൽക്കരണത്തിനായി അനുവദിച്ചു വരുന്നു.

(ബി) സാമ്പത്തിക സുസ്ഥിരതയിൽ വീഴ്ച വരുത്താതെ സാമൂഹ്യപ്രതിബദ്ധത നിറവേറ്റുകയെന്ന ലക്ഷ്യത്തോടെ ഏറ്റെടുത്തിട്ടുള്ള പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; കെയർകേരള, കെയർഹോം, കെയർ ലോൺ പദ്ധതികൾ വഴി ചെയ്തുവരുന്ന പ്രവർത്തനം വിശദമാക്കാമോ;

(ബി) സാമൂഹ്യ സുരക്ഷാ പെൻഷൻ സഹകരണ സംഘങ്ങൾ വഴി ഗുണഭോക്താക്കളുടെ വീട്ടിൽ എത്തിക്കുന്ന പദ്ധതി നടപ്പിലാക്കി. സഹകരണ മേഖലയുടെ കരുത്തും കാര്യക്ഷമതയും വിപുലമായ സ്വാധീനവും സാമൂഹ്യ പ്രതിബദ്ധതയും തെളിയിക്കുന്ന പ്രവർത്തനമായിരുന്നു സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം. സംസ്ഥാന സർക്കാരിന് ഓണം, വിഷു എന്നിവയോടനുബന്ധിച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം നടത്തുന്നതിലേക്കായി സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും 4407.78 കോടി രൂപ വായ്പയായി സ്വരൂപിച്ച് നൽകിയിട്ടുണ്ട്. കെ. എസ്. ആർ. ടി. സി യിൽ നിന്നും വിരമിച്ച ജീവനക്കാർക്ക് സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ വിതരണം നടത്തുന്നതിന് സഹകരണ വകുപ്പിനെ ചുമതലപ്പെടുത്തി സർക്കാർ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ 2018 ഫെബ്രുവരി മാസം മുതൽ 2019 ജൂൺ മാസം വരെയുള്ള പെൻഷൻ വിതരണം സഹകരണ വകുപ്പ് മുഖേന നടത്തിയിട്ടുണ്ട്. 2018 നവംബർ മാസം വരെ പെൻഷൻ വിതരണത്തിനായി വിവിധ സഹകരണ സംഘങ്ങളിൽ നിന്നും ശേഖരിച്ച തുക 10 ശതമാനം പലിശ സഹിതം തിരികെ നൽകിയിട്ടുണ്ട്.

സാമ്പത്തിക സുസ്ഥിരതയിൽ വീഴ്ച വരുത്താതെ സാമൂഹ്യപ്രതിബദ്ധത നിറവേറ്റുക എന്ന ലക്ഷ്യത്തോടെ സഹകരണ നിക്ഷേപ ഗ്യാരണ്ടി സ്കീം, സഹകരണ റിസ്ക് ഫണ്ട് പദ്ധതി,

സഹകരണ അംഗ സമാശ്വാസ നിധി സ്കീം എന്നിവ നടപ്പിലാക്കി വരുന്നു.

കൂടാതെ, ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാക്കുന്ന കഷ്ട നഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെ തട്ടിലുള്ളവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് "മുറ്റത്തെ മുല്ല" ഗ്രാമീണ ലഘുവായ്പാ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സംഘങ്ങൾ/ ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സംഘങ്ങൾ/ ബാങ്കുകളാക്കി മാറ്റുന്നതിനും സഹകാരികൾക്ക് അവരുടെ കടബാധ്യതയിൽ നിന്നും ആശ്വാസം നൽകുന്നതിനുമായി നവകേരളീയം കുടിശ്ശിക നിവാരണം ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

2011-12 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കുകൾ, കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകരുടെ പലിശ പൂർണ്ണമായി ഒഴിവാക്കി പലിശ രഹിത വായ്പയായി മാറ്റുന്നതിന് കേരള സംസ്ഥാന സർക്കാർ പദ്ധതിയേതര വിഹിതത്തിൽ ഉത്തേജന പലിശയിളവ് പദ്ധതി നടപ്പിലാക്കി വരുന്നു.

പ്രാഥമിക കാർഷിക സഹകരണ ബാങ്കുകളിൽ നിന്നും കാർഷിക വായ്പ

എടുത്ത് കൃത്യമായി തിരിച്ചടവ് നടത്തിയിട്ടുള്ള കർഷകർക്ക് സമാശ്വാസ തുക അനുവദിച്ച് നൽകുന്നതിന് വേണ്ടി കേരള സംസ്ഥാന സർക്കാരിന്റെ പദ്ധതിയേതര വിഹിതത്തിൽ കാർഷികോൽപാദന ചെലവ് സമാശ്വാസ പദ്ധതി നടപ്പിലാക്കി വരുന്നു.

സംസ്ഥാനത്ത് ഉണ്ടായ പ്രളയദുരന്തത്തിന്റെ ഫലമായി വീടും സ്വത്തുക്കളും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന്റെ ഭാഗമായി സംസ്ഥാന സഹകരണ വകുപ്പ് ആവിഷ്ക്കരിച്ച പദ്ധതിയാണ് കെയർ കേരള. ഈ പദ്ധതിയിൽ കെയർഹോം, കെയർ ലോൺ, കെയർ ഗ്രേസ് എന്നിങ്ങനെ 3 ഘടകങ്ങളാണ് ഉള്ളത് പ്രളയദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് കെയർ ഹോം പദ്ധതി. പദ്ധതിയിൽ ഉൾപ്പെടുത്തി ആദ്യഘട്ടമായി 2040 വീടുകളാണ് സംസ്ഥാനത്തൊട്ടാകെ നിർമ്മിച്ച് നൽകുന്നത്. റവന്യൂ വകുപ്പിലൂടെ ജില്ലാകളക്ടർമാർ ലഭ്യമാക്കുന്ന പട്ടികയിൽ നിന്നുമാണ് ഗുണഭോക്താക്കളെ നിശ്ചയിക്കുന്നത്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നുള്ള തുക ഉൾപ്പെടെ 5 ലക്ഷം രൂപയാണ് വീടൊന്നിന് നിർമ്മാണത്തിനായി അനുവദിക്കുന്നത്. കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സാങ്കേതിക മേൽനോട്ടം വഹിക്കുന്നതിനായി സംസ്ഥാനതല സാങ്കേതിക ഉപദേശക സമിതി രൂപീകരിച്ചിട്ടുണ്ട്. നിർമ്മാണത്തിൽ സുതാര്യതയും ജനകീയ പങ്കാളിത്തവും ഉറപ്പ് വരുത്തുന്നതിനായി ഓരോ വീടിനും

ഒരു ഗുണഭോക്തൃ സമിതി രൂപീകരിച്ചിട്ടുണ്ട്.

31.05.2019 വരെ സംസ്ഥാനത്തൊട്ടാകെ 1184 വീടുകളുടെ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. 2019 ജൂൺ 30 നകം നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് നൽകുന്നതിനാണ് ലക്ഷ്യമിടുന്നത് . പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഭൂരഹിതർക്ക് വീട് വച്ച് നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. അതിന്റെ നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

കെയർ ലോൺ പദ്ധതി പ്രകാരം പ്രളയ ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീടുകൾക്കുണ്ടായ ചെറിയ നാശ നഷ്ടങ്ങൾ പരിഹരിക്കുന്നതിനും നഷ്ടമായ ജീവനോപാധികൾ നേടുന്നതിനുമായി സർക്കാർ ഉത്തരവ് പ്രകാരം പ്രഖ്യാപിച്ച റീസർജന്റ് കേരള ലോൺ സ്കീം എന്ന പദ്ധതി കുടുംബശ്രീ സംവിധാനത്തിലൂടെ സഹകരണ സംഘങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കിയിട്ടുണ്ട്. പ്രളയ ബാധിതർക്ക് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള 10,000 രൂപ സമാശ്വാസം ലഭിച്ചിട്ടുള്ള കുടുംബ നാഥയ്ക്ക് 1 ലക്ഷം രൂപ വരെ ബാങ്ക് വായ്പ കുടുംബശ്രീ അയൽക്കൂട്ടം മുഖാന്തിരം നൽകുന്നു. 9 ശതമാനം പലിശ നിരക്കിലാണ് ബാങ്കുകൾ കുടുംബശ്രീക്ക് വായ്പ നൽകുന്നത്.

സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി കെയർ കേരള പദ്ധതി സഹായം എന്ന സ്കീമിൽ 2019 - 20 സാമ്പത്തിക വർഷം 10 ലക്ഷം രൂപ പദ്ധതി നടത്തിപ്പ് ഭരണ ചെലവിനായി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | റിസ്ക് ഫണ്ട് പദ്ധതിപ്രകാരം അനുവദിച്ച സഹായധനം എത്രയെന്നും ഇതുവഴി എത്ര പേർക്ക് സഹായധനം ലഭ്യമാക്കിയെന്നും അറിയിക്കാമോ? | (സി) | റിസ്ക് ഫണ്ട് പദ്ധതി മുഖേന **10.05.2019** വരെ അർഹരായ **51122** പേർക്ക് **366,08,31,804/-** രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**